# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3169 20.12.2012 - ൽ മറുപടിക്ക്

## ചിപ്പൻചിറ പാലം പുനർ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം - ചെങ്കോട്ട റോഡിൽ ചിപ്പൻചിറ പാലം പുനർനിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ; | (എ) തിരുവനന്തപുരം - ചെങ്കോട്ട റോഡിൽ ചിപ്പൻചിറ പാലം പുനർനിർമ്മിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതിയും 345 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പാലം പണി ഇപ്പോൾ നിർത്തിവച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (ബി) പാലം പണി തുടങ്ങുന്നതിന് കരാറുകാരനുമായി 03.09.2010 - ൽ എഗ്രിമെന്റ് വച്ച് പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും പാലോട് റെയിഞ്ചാഫീസറും ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തി. പാലം നിർമ്മിക്കാനുദ്ദേശിക്കുന്ന പുഴകൾ ഉൾപ്പെടുന്ന പ്രദേശം 04.11.1905 - ൽ വാമനപുരം റിസർവ്വ് വനമായി നോട്ടിഫൈ ചെയ്തിട്ടുണ്ടെന്ന് 07.11.1905 - ലെ തിരുവിതാംകോട്ട് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് സഹിതം അറിയിച്ചു.<br><br>എന്നാൽ നെടുമങ്ങാട് തഹസിൽദാർ സ്ഥല പരിശോധന നടത്തി ടി പാലം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ടു വരുന്നതാണെന്നുള്ള വിവരം താലൂക്ക് സർവ്വേയറുടെ സ്കെച്ച് ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | അറിയിച്ചെങ്കിലും, ഈ വാദം അംഗീകരിക്കാൻ വനം വകുപ്പ് തയ്യാറായില്ല.<br><br>തുടർന്ന് പാലം പണിയുന്നതിനായി 0.14 ഹെക്ടർ വനഭൂമി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് 04.01.2011 - ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരം DFO - യ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ നൽകി. അതിൻപടി വനഭൂമി ലഭ്യമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് 26.09.2011 - ൽ ലഭിച്ചതിനെ തുടർന്ന് പണികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയെങ്കിലും അദ്ദേഹം വിസമ്മതിച്ചു. നിലവിലുള്ള എഗ്രിമെന്റ് പ്രകാരം കരാർ കാലാവധി 04.02.2012 - ൽ അവസാനിച്ചതിനാൽ റേറ്റ് റിവിഷൻ കിട്ടിയാൽ മാത്രമേ പണി ചെയ്യാൻ കഴിയൂ എന്ന് കരാറുകാരൻ അറിയിച്ചു.<br><br>എന്നാൽ നിലവിൽ എഗ്രിമെന്റ് വച്ചിട്ടുള്ള പ്രവൃത്തികൾക്ക് റേറ്റ് റിവിഷൻ നൽകാൻ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം സാദ്ധ്യമല്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | റേറ്റ് റിവിഷനുവേണ്ടി കരാറുകാരൻ നല്കിയ അപേക്ഷ എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന കാരണത്താൽ നിരസിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എഗ്രിമെന്റിൽ പ്രസ്തുത വ്യവസ്ഥയില്ലാത്ത ഏതെല്ലാം പ്രവൃത്തികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം റേറ്റ് റിവിഷൻ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | എഗ്രിമെന്റ് വച്ച പ്രവൃത്തികൾക്ക് റേറ്റ് റിവിഷൻ അംഗീകരിച്ച പ്രവൃത്തികൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ.